I/556095/2023

ഭരണഭാഷ- മാതൃഭാഷ

**ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്**

(സാന്നിദ്ധ്യം : കൃഷ്ണകുമാർ.സി.സി) 0477 2252908 ddealp.dge@kerala.gov.in.

വിഷയം : പൊ.വി. - ജീവനം - അന്തർജില്ലാ സ്ഥലംമാറ്റം 2023-24 - എൽ.പി.എസ്.ടി/ യു.പി.എസ്.ടി തസ്തികയിൽ ആലപ്പുഴ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് കൊണ്ടുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) പൊ.വി. ഡയറക്ടറുടെ 27.10.2023 ലെ എ1/11483/2023/ഡിജിഇ നം. സർക്കുലർ

(2) അദ്ധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ

(3) പൊതുസ്ഥലംമാറ്റ വെബ്സൈറ്റ് പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ്

(4) സ.ഉ (എം.എസ്) 94/2003/പൊ.വിവ തീയതി 23.04.2003

(5) സ.ഉ (പി) നമ്പർ 42/2012/ഉ.ഭ.പ.വ തീയതി 23.08.2012

**ഉത്തരവ് നമ്പർ. ഡി.ഡി.ഇ എ.എൽ.പി/7711/2023-എ5 തീയതി: 20-12-2023**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) സർക്കുലർ പ്രകാരം ലഭിച്ച ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് താഴെ പറയുന്ന അദ്ധ്യാപകർക്ക് ആലപ്പുഴ ജില്ലയിലേയ്ക്ക് എൽ.പി.എസ്.ടി/ യു.പി.എസ്.ടി തസ്തികയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകന്റെ സർവീസ് സീനിയോരിറ്റി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. ആലപ്പുഴ ജില്ലയിൽ എൽ.പി.എസ്.ടി/ യു.പി.എസ്.ടി തസ്തികയിൽ ഏറ്റവും ജൂനിയറായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ എന്ന് അംഗീകരിക്കുന്ന ഒരു പ്രസ്താവന ടി അദ്ധ്യാപകരിൽ നിന്നും വാങ്ങി സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിച്ച് ചേർത്തതിന് ശേഷം മാത്രം ടി അദ്ധ്യാപകരെ വിടുതൽ ചെയ്യാൻ പ്രഥമാദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്.**

അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ പരിഗണിച്ചുള്ള സ്ഥലംമാറ്റം ആകയാൽ സ്ഥലംമാറ്റ ഉത്തരവ് യാതൊരു കാരണവശാലും റദ്ദ് ചെയ്യുന്നതല്ല. അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകർ **02/01/2024 നകം** വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ സ്വന്തം ജില്ലയിൽ നിന്നും വിടുതൽ ചെയ്യുവാൻ പ്രഥമാദ്ധ്യാപകൻ നടപടി സ്വീകരിക്കേണ്ടതാണ്.

**മേൽ പരാമർശം (4) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിദൂര പ്രദേശത്ത് സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകൻ/ അദ്ധ്യാപിക 5 വർഷം വിദൂര പ്രദേശത്തു തന്നെ സേവനമനുഷ്ഠിച്ച് കൊള്ളാമെന്ന് സത്യപ്രസ്താവന പ്രഥമാദ്ധ്യാപകർക്ക് സമർപ്പിക്കുകയും ആയത് പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തി സേവന പുസ്തകത്തിൽ പതിക്കേണ്ടതുമാണ്.**

അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകർ പരാമർശം (5) ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ നിരീക്ഷണകാലം ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണ്.

അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഏതെങ്കിലും സാഹചര്യത്തിൽ ബോധ്യപ്പെടുകയാണെങ്കിൽ മുൻകൂർ നോട്ടീസ് നൽകാതെ അനുവദിക്കപ്പെട്ട സ്ഥലംമാറ്റം റദ്ദ് ചെയ്യുന്നതാണ്.

---

| ക്രമ നം. | അദ്ധ്യാപകൻറെ പേരും, സ്കൂളിൻറെ പേരും | തസ്തിക | സ്ഥലംമാറ്റം അനുവദിക്കുന്ന സ്കൂളിൻറെ പേര് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീമതി സുലൈഖ.കെ, ഗവ. യു.പി.എസ് രണ്ടത്താണി, മലപ്പുറം | യു.പി.എസ്.ടി | ഗവ. യു.പി.എസ് ഹരിപ്പാട് (35432) | ജനറൽ |
| 2 | ശ്രീമതി ജിഷ സേവ്യർ, ഗവ. ജി.എച്ച്.എസ്.എസ് തൃക്കാവ്, മലപ്പുറം | യു.പി.എസ്.ടി | ഗവ .H.S ചേർത്തല,സൌത്ത് [34045] | ജനറൽ |
| 3 | ശ്രീ.അനിൽകുമാർ.ഇ.വി, ഗവ. എച്ച്.എസ്.എസ്. കാട്ടിലങ്ങാടി, മലപ്പുറം | യു.പി.എസ്.ടി | ചേന്നങ്കരി യു.പി.എസ് (46219) | പരിഗണനാ വിഭാഗം Y(1).<br><br>ജി.ഒ(എം.എസ്) 94/2003/പൊ.വി.വ തീയതി 23.04.2003 പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നു. |
| 4 | ശ്രീമതി ശാന്തി.വി, കുലശേഖരപുരം, ഗവ. എച്ച്.എസ്.എസ് കൊല്ലം | എൽ.പി.എസ്.ടി | ഗവ. എൽ.പി.എസ് എരുമക്കുഴി (36216) | ജനറൽ |
| 5 | ശ്രീ.വികാസ്.ആർ ഗവ. എൽ.പി.എസ് പരുമല, പത്തനംതിട്ട. | എൽ.പി.എസ്.ടി | ഗവ. ഡബ്ല്യു.എൽ.പി.എസ് പള്ളിക്കൽ (36228) | ജനറൽ |
| 6 | ശ്രീമതി അശ്വതിക്കുട്ടി.കെ പുഴവത്ത് ഗവൺമെൻറ് എൽ.പി.എസ് കോട്ടയം | എൽ.പി.എസ്.ടി | ജി.എച്ച്.എസ്.എസ് കൊട്ടപ്പന (46067) | പരി ഗണനാ വിഭാഗം Y(1).<br><br>ജി.ഒ(എം.എസ്) 94/2003/പൊ.വി.വ തീയതി 23.04.2003 പ്രകാരം സ്ഥലംമാറ്റം അനുവദിക്കുന്നു. |

I/556095/2023

Signed by
Krishnakumar C C
Date: 20-12-2023 17:06:44

കൃഷ്ണകുമാർ.സി.സി ( പെൻ 277672)
വിദ്യാഭ്യാസ ഉപഡയറക്ടർ
ആലപ്പുഴ

സ്വീകർത്താവ്

1. ബന്ധപെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. ബന്ധപെട്ട പ്രഥമാദ്ധ്യാപകർ
3. ബന്ധപെട്ട അദ്ധ്യാപകർ
4. കരുതൽ ഫയൽ